# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1677 22.03.2012 ൽ മറുപടിക്ക്**

**നദീസംയോജനവും സംസ്ഥാന താല്പര്യവും**

**ചോദ്യം**
ശ്രീ.എ. കെ ശശീന്ദ്രൻ:
ശ്രീ.തോമസ് ചാണ്ടി:

**മറുപടി**
ശ്രീ.ഉമ്മൻ ചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | |
|---|---|
| (എ) നദീസംയോജനത്തിന് സമയബന്ധിതമായ കർമ്മപദ്ധതി തയ്യാറാക്കാനുള്ള 2012 ഫെബ്രുവരി 27 ന് സുപ്രീംകോടതിയിൽ നിന്നുണ്ടായ വിധിയുമായി ബന്ധപ്പെട്ട കേസിന്റെ വാദം നടന്നപ്പോൾ കേരളത്തിന് വേണ്ടി ഹാജരായത് ആരാണ്; കേരളത്തിന്റെ ഭാഗം ശരിയായ രീതിയിൽ സുപ്രീംകോടതിയിൽ അവതരിപ്പിക്കാൻ കാര്യക്ഷമമായ നടപടി സ്വീകരിച്ചില്ലെന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ; | (എ) കേസിന്റെ വാദം നടന്നപ്പോൾ കേരളത്തിന്റെ ഭാഗം ശരിയായി അവതരിപ്പിക്കുന്നതിലേക്ക് സുപ്രീം കോടതിയിലെ സീനിയർ അഭിഭാഷകരായ ശ്രീ.ഹരീഷ് എൻ. സാൽവേ, ശ്രീ.മോഹൻ വി.കട്ടാർക്കി ശ്രീ.ജി.പ്രകാശ് എന്നിവരെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത അഭിഭാഷകർ കേരളത്തിൻെറ ഭാഗം ശരിയായി അവതരിപ്പിച്ചിരുന്നു. 27/02/12 ൽ ഹാജരായത് കേരളത്തിന്റെ സ്റ്റാൻഡിംഗ് കൗൺസൽ ശ്രീ.എം.ആർ.രമേശ്ബാബുവാണ്. |
| (ബി) കുട്ടനാടിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥയെയും ആവാസവ്യവസ്ഥയെയും തകിടം മറിക്കുന്ന പമ്പ-അച്ചൻകോവിൽ -വൈപ്പാർ സംയോജനം എന്ന കേസിലാണ് ഗുരുതരമായ അലംഭാവം | (ബി) ഇല്ല. പമ്പ -അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിൽ വന്നാൽ പമ്പയും അച്ചൻകോവിലാറും വറ്റി വരളുകയും, മദ്ധ്യതിരുവിതാം കൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും ചെയ്യും എന്ന് |

| | |
|---|---|
| കാട്ടിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേൽപ്പറഞ്ഞ നദികളുടെ സംയോജനവുമായി ബന്ധപ്പെട്ട് സി.ഡബ്ളിയു.ആർ.ഡി.എം. എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിനടപ്പിൽ വന്നാൽ കേരളത്തിന്റെ നിബിഡ വനവും, തേക്കിൻ തോട്ടവും കൃഷി സ്ഥലങ്ങളുമുൾപ്പെടെ 2004 ഹെക്ടർ സ്ഥലം ജലത്തിനടിയിലാകുമെന്നും, പമ്പ-അച്ചൻകോവിൽ നദികളിലെ ജലം തിരിച്ചുവിടുന്നതുമൂലം പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ പരിസ്ഥിതി പ്രത്യാഘാതം ഉണ്ടാവുകയും കുടിവെള്ള ക്ഷാമം നേരിടുകയും ചെയ്യും എന്ന് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. വേമ്പനാട് കായലിൽ പതിക്കുന്ന ഈ നദികളിലെ നീരൊഴുക്കു കുറയുന്നതു കായലിൽ ഓരു വെള്ളം കയറാൻ ഇടയാവുകയും കേരളത്തിന്റെ നെല്ലറയായ കുട്ടനാടിലെ കൃഷി നാശത്തിനു വഴിതെളിക്കുകയുകയും, ലക്ഷ ക്കണക്കിനു വരുന്ന ശബരിമല തീർത്ഥാടകരെയും, പമ്പാ നദീതീരത്ത് നടക്കുന്ന മരാമൺ കൺവെൻഷനെയും ചെറുകോൽപ്പുഴ ഹിന്ദുമത കൺവെൻഷനേയും പമ്പയിലെ ജല ദൗർലഭ്യം ബാധിക്കും. CWRDM ഉം ഡൽഹി IIT യും പഠനം നടത്തിയിട്ടുണ്ട്. പമ്പയിലും അച്ചൻകോവിലിലും ജലദൗർലഭ്യം ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) സംസ്ഥാന താല്പര്യം സംരക്ഷിക്കുന്ന വിധം നിയമ നിർമ്മാണത്തിലൂടെയും കോടതി മുഖേനയും ഇക്കാര്യത്തിൽ പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ; | (സി) & (ഡി) സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |
| (ഡി) ജലം എന്ന സംസ്ഥാന ലിസ്റ്റിൽപ്പെട്ട വിഷയത്തെ സംബന്ധിച്ച് സംസ്ഥാന നിയമ നിർമ്മാണ സഭയ്ക്കുള്ള അധികാരം നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ